കാരൂർ സോമൻ

# കാണാപ്പുറങ്ങൾ

നോവൽ

### അധ്യായം ഒന്ന്

# ഉയിർപ്പ്

1945.

ലണ്ടൻ നഗരം.

മഞ്ഞിൽ പൂവിട്ടു നിൽക്കുന്ന ചൊമന്ന ലൈലാകപൂവുകൾ. ഒരാഴ്ച മുമ്പ് ശരീരത്തിലും മനസിലും മുറിവേല്പിച്ചു പ്രാകിപറന്ന ഫ്യൂദറുടെ ബോംബറുകളുടെ മുരൾച്ചയില്ല. ഗന്ധകം നിറഞ്ഞ കാറ്റ് കടൽ കടന്നിരിക്കുന്നു. ഇടയ്ക്കിടെ റോഡ് നിറഞ്ഞു പോവുന്ന സൈനിക വാഹനങ്ങൾ, അശ്വാരൂഢന്മാർ. പ്രകൃതിയെല്ലാം മറന്നിരിക്കുന്നു. ആന്റണിക്ക് എല്ലാം മറക്കാൻ കഴിഞ്ഞില്ല. അയാൾ നാട്ടിലുള്ള ഭാര്യയെയും മക്കളെയും ഓർത്തു. അവിടെ അരിക്ഷാമം രൂക്ഷമാണെന്ന വാർത്ത അയാളെ തളർത്തി. മണ്ണെണ്ണയ്ക്കും മരുന്നിനും ക്ഷാമമാണത്രേ. എന്തു ചെയ്യണമെന്നു ഒരു ഊഹവുമില്ല. അയാൾക്ക് എത്രയും പെട്ടെന്നു എങ്ങനെയും ലണ്ടൻ വിട്ട് നാട്ടിൽ എത്തിയാൽ മതിയെന്നായി. എന്നാൽ, അതത്ര എളുപ്പമല്ലെന്നു മറ്റാരേക്കാളും ആന്റണിക്ക് അറിയാമായിരുന്നു.

ആഴ്ചകൾക്കു മുമ്പ് കത്തിയെരിഞ്ഞ കത്തീഡ്രലിന്റെ അവശിഷ്ടങ്ങൾക്കു മുന്നിൽനിന്ന് അയാൾ കുരിശുവരച്ചു. അപ്പോൾ മാനത്തു നിന്നിറങ്ങി വന്ന ദൈവാനുഗ്രഹം പോലെ സൈറൺ പ്രതിധ്വനിച്ചു.

ആന്റണി ആദ്യമായി യുദ്ധമുഖം നേരിട്ടു കാണുകയായിരുന്നു. ആര് ആരോട് യുദ്ധം ചെയ്യുന്നുവെന്ന് അയാൾക്ക് അറിഞ്ഞു കൂടായിരുന്നു. ഒരു യുദ്ധദിവസം ഇംഗ്ലീഷ് പട്ടാളക്കാരന്റെ തോക്കിന്റെ മുന്നിൽ നിന്ന് തന്നെ രക്ഷിച്ചത് ആകാശത്ത് ദൈവത്തിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെട്ട ഒരു ജർമൻ ബോംബറാണെന്നു മാത്രം അയാൾക്കറിയാമായിരുന്നു. അന്ന് രാത്രി മുഴുവൻ ആന്റണി ഒരു സൈനിക ബങ്കറിൽ ഇംഗ്ലീഷുകാരന്റെ ശിരസറ്റ ജഡത്തോടൊപ്പം രാത്രി കഴിച്ചു.

അന്ന്–

ആന്റണിയെ ഭയപ്പെടുത്തി രാത്രിയുടെ യാമങ്ങളിൽ ആകാശത്ത് അശ്വതി നക്ഷത്രങ്ങളെപോലെ ശത്രുക്കളുടെ യുദ്ധവിമാനങ്ങൾ ഉദിച്ചുയർന്നു. ബോംബുകൾ, വെടിയുണ്ടകൾ അഗ്നിയായി ഭൂമിയിലേക്ക് കാലവർഷം പോലെ പെയ്തിറങ്ങി. കണ്ണുകൾ ഇറുക്കിയടച്ചിട്ടും പ്രകാശത്തിൽ അയാളുടെ കണ്ണുകൾ മഞ്ഞളിച്ചു. പെരുവിരൽ ഇറക്കി ചെവിയെ ഘോരശബ്ദത്തിൽ നിന്നു പ്രതിരോധിക്കാനുള്ള ശ്രമവും വൃഥാവിലായി. അന്ന് ദൈവം അയാൾക്ക് ഉയിർപ്പിന്റെ ഒരു അടയാളവാക്യവും നൽകിയില്ല.

ഭൂമി അവസാനിക്കുന്നതുപോലെ. അയാൾ ഭാര്യയെയും കുട്ടികളെയും ഓർത്തു. അവരുടെ ഒരിക്കലും ചിരി വിടരാത്ത മുഖം അയാളുടെ ഓർമകളിലേയ്ക്കു ഒരു ഷെല്ല് പായിച്ചു. ലണ്ടൻ നഗരം കത്തിചാമ്പലാകുന്നത് ആന്റണി കണ്ടു. താൻ കുരിശു വരച്ച കത്തീഡ്രലിന്റെ മേലാപ്പാണ് അടർന്നു വീഴുന്നത്. പെട്ടെന്ന് അയാൾ പ്രത്യാശ നഷ്ടപ്പെട്ടവനെപ്പോലെ ബങ്കറിനുള്ളിലിരുന്ന് ഉച്ചത്തിൽ കരഞ്ഞു.

മരപൊത്തുകളിൽ കിളികൾ അസമയത്ത് ചിലച്ചു. പൈൻമരങ്ങൾ കത്തി ചാമ്പലായി. കുറുക്കൻമാർ ഓലിയിട്ടു. കുന്നുകൾ, താഴ്വരകൾ, നദികൾ ഭയന്നുവിറച്ചു, മൃഗങ്ങൾ അലറിക്കരഞ്ഞു, കുതിരകൾ ഞെട്ടിവിറച്ചു, പ്രാവുകൾ പ്രാണനുംകൊണ്ട് പറന്നു. മണിമന്ദിരങ്ങളാണ് ഇടിഞ്ഞു പൊളിഞ്ഞു വീഴുന്നത്. മനുഷ്യരും മൃഗങ്ങളും പുഴുക്കളെപോലെ ചത്തുവീഴുന്നു. എങ്ങും പച്ച മാംസം കത്തിയെരിയുന്ന രൂക്ഷഗന്ധം. വെടിമരുന്നുകളുടെ അതിരൂക്ഷതയിൽ അന്തരീക്ഷം വീർപ്പുമുട്ടിനിന്നു.

എല്ലാം അവസാനിച്ചെന്നു അടിവരയിട്ട രാത്രിയുടെ അന്ത്യയാമങ്ങളിലൊന്നിൽ ആന്റണി ബങ്കറിനുള്ളിലെ പട്ടാളക്കാരന്റെ ജഡം ഉപേക്ഷിച്ചു പുറത്തുവന്നു. ദേഹമാസകലം ചോരയുടെ ഭൂപടം. ശരീരത്തിലെ മുറിവുകൾ അയാളെ വേദനിപ്പിച്ചില്ല. അസ്ഥപ്രജ്ഞനായി മാനത്തു നോക്കു

മ്പോൾ കരിപുരണ്ട ആകാശം ഡെമോക്ലീസിന്റെ വാളുപോലെ തൂങ്ങി നിൽക്കുന്നതു കണ്ട് ആന്റണി ഭയന്നുവിറച്ചു.

യുദ്ധത്തെപ്പറ്റി വിഷമിക്കേണ്ട. ആന്റണി സമാധാനിച്ചു. യുദ്ധമുണ്ടായാൽ അതവസാനിക്കും. ഈ തകർന്നിടിഞ്ഞ കെട്ടിടം നിന്നിടത്തു മറ്റൊരു കെട്ടിടമുണ്ടാകും. കൂടുതൽ ചിന്തിച്ചു തല പുകക്കരുത്. അതും തീയായി ആളിക്കത്തും. ആദ്യമായി ലഭിച്ച ജോലിയാണ്. അതിൽ ആത്മാർഥത കാണിക്കുക. ജീവിതം ഒരു പടക്കളമാണ്. അതിന്റെ പരമോന്നതിയിൽ വരുന്നതാണ് യുദ്ധം. ആ യുദ്ധത്തിൽ യുദ്ധതടവുകാരും ശവശരീരങ്ങളുമുണ്ടാകും. അവരെ ശുശ്രൂഷിക്കുന്ന ജോലിയാണ് പീറ്റർ സ്കോട്ട് മുതലാളി നിന്നെ ഏൽപ്പിച്ചിരിക്കുന്നത്. യുദ്ധത്തിൽ തകർന്ന പീറ്ററിന്റെ കെട്ടിടം നിന്ന സ്ഥാനത്ത് മറ്റൊരു കെട്ടിടം പടുത്തുയർത്തുന്നതിൽ തനിക്കും പങ്കുണ്ട്.

ഇംഗ്ലണ്ടിലെ ഒരു പ്രഭു കുടുംബാംഗമാണ് പീറ്റർ. ധാരാളം കുതിരകൾ. ബ്രിട്ടീഷ് പട്ടാളത്തിലെ കുതിരപ്പടയിൽ നല്ലൊരു വിഭാഗം പീറ്ററിന്റെ കുതിരപ്പാടത്തുനിന്നുള്ളതാണ്. കുതിര കച്ചവടം മാത്രമല്ല കുതിര പന്തയവും പീറ്ററിന്റെ ഉറ്റമിത്രങ്ങളാണ്. യൂറോപ്പിൽ കുതിരപ്പന്തയങ്ങൾ നട ന്നാൽ അവിടെയെല്ലാം പീറ്ററിന്റെ കുതിരകളുമുണ്ടായിരിക്കും. കുതിരപന്തയത്തിൽ കുതിരകൾ സ്ഥാനമാനങ്ങൾ കരസ്ഥമാക്കിയാൽ അദ്ദേഹത്തിന്റെ കൊട്ടാരം ഒരു ഉത്സവപ്പറമ്പുപോലെയാ ണ്. കുതിരപ്പാടത്തെ തൊഴിലാളികളും മറ്റ് പ്രമുഖ പ്രഭുക്കന്മാരും അവിടെ സന്നിഹിതരാകും. പാട്ടും നൃത്തവും അരങ്ങു തകർക്കും. വെളിച്ചം പെയ്തിറങ്ങുന്ന പൊന്നിൻ വെട്ടത്തിൽ സുന്ദരി കളായ ഗായികമാരുടെ തുടുത്തു മാംസളമായ ശരീരവും വേഷഭൂഷാദികളും കാഴ്ചക്കാരെ ആന ന്ദലഹരിയിലാക്കും.

ആ ദിവസം മാത്രം അതാത് രാജ്യക്കാരുടെ വേഷവിധാനം അനുവദിക്കും. ആന്റണി അന്ന് വിരുന്നിൽ വെള്ളമുണ്ടും ജുബയുമാണ് ധരിക്കുക. നാട്ടിൽ ഞായറാഴ്ചകളിൽ ആദ്യത്തെ കുർബാ നയ്ക്കു പങ്കെടുക്കാനായി പോകുമ്പോഴും ആന്റണി ധരിക്കുന്നത് ഈ വേഷമായിരുന്നു. ലണ്ടനി ലേക്കു കപ്പൽ കയറുമ്പോൾ ട്രങ്കു പെട്ടിയിൽ ആകെയെടുത്തു വച്ച വെള്ള വസ്ത്രവും ഇതു മാത്രമായിരുന്നു.

വിരുന്നിൽ പങ്കെടുക്കാൻ മലയാളിയായ പി.കെ.കൃഷ്ണമേനോനുമെത്തിയിരുന്നു. വെള്ളമുണ്ടും ജുബയും ധരിച്ചുനിന്ന ആന്റണിയുടെ അടുക്കൽ മേനോൻ വന്നു ചോദിച്ചു:

“മലയാളിയാണ് അല്ലേ?”

“അതെ”.

അവർ സന്തോഷത്താൽ പരസ്പരം പരിചയപ്പെട്ടു. ഇരുവരുടെയും മധ്യത്തിലേക്ക് ചുണ്ടിൽ കത്തിച്ചു പിടിച്ച പുകക്കുഴലുമായി പീറ്റർ മുതലാളിയെത്തി. പ്രസന്നത കളിയാടുന്ന മുഖം. പ്രായം അമ്പതിനടുത്തു വരും. നീണ്ടുവളർന്ന ചെമ്പിച്ച മുടിയും വെള്ളതാടിയും, വെളുത്തു കട്ടിയുള്ള മീശ. ചെറിയവനോ വലിയവനോ എന്നില്ലാതെ ആരോടും ഇടപെടുന്ന പ്രകൃതം. ആരെയും സഹാ യിക്കാൻ മനസുള്ളവൻ. യുദ്ധ സമയത്ത് അവരെ ഇന്ത്യയിൽനിന്ന് കൊണ്ടുവരാനുള്ള കാരണ ങ്ങൾ മേനോനോട് പീറ്റർ വിവരിച്ചു.

യുദ്ധത്തിൽ ജീവനെ ഭയന്ന് കുതിരപ്പാടത്ത് ജോലിചെയ്തിരുന്ന അയർലണ്ടുകാരിൽ പലരും നാട്ടിലേക്കു ഒളിച്ചോടിയിരുന്നു. ഒന്നാം ലോകമഹായുദ്ധത്തിൽ ആയിരമായിരം ഇന്ത്യക്കാർ ഗ്രേറ്റ് ബ്രിട്ടനായി വീരചരമമടഞ്ഞത് പീറ്റർ കേട്ടിരുന്നു. ഇന്ത്യയിൽനിന്ന് ഏതാനും ജോലിക്കാരെ കൊണ്ടുവരണമെന്ന് മനസിൽ കരുതിയിരുന്നു. പീറ്ററിന്റെ അനുജൻ വില്യംസ്കോട്ട് കൊച്ചിയിലെ ബ്രിട്ടീഷ്നാവികപ്പടയുടെ അധിപനായിരുന്നു.

രണ്ടു മിടുക്കരായ പട്ടാളക്കാരെ ലണ്ടനിലേക്കയയ്ക്കാൻ പീറ്റർ അനുജനെ വയർലെസ് മുഖേന സന്ദേശമയച്ചു. അടുത്ത കപ്പലിൽ തന്നെ വില്യം രണ്ടുപേരെ ലണ്ടനിലേക്കയച്ചു. ദൂരെനിന്ന അലി അബ്ദുള്ളയെ മേനോന് ആന്റണി ചൂണ്ടികാണിച്ചു. കൊച്ചിയിൽ നിന്നു തന്നോടൊപ്പം കപ്പൽ കയറിവൻ. തന്റെ ഉറ്റസുഹൃത്ത്.

അവൻ മാദക സുന്ദരിമാരുടെ നഗ്നമേനിയിൽ കണ്ണുംനട്ട് നില്ക്കുകയായിരുന്നു. ആരെയും ആകർഷിക്കുന്ന മുഖമാണ് അലിയുടേത്. സായിപ്പിനൊപ്പം നില്ക്കുന്ന വെളുത്ത നിറം, ആറടി

പൊക്കം, കൃശഗാത്രൻ. പിതാവ് അബ്ദുള്ളയ്ക്ക് കാഷ്മീരിൽ ബ്രിട്ടീഷ് പട്ടാളത്തിനു മൃഗങ്ങളെ കശാപ്പു ചെയ്യുന്ന ജോലിയായിരുന്നു. അവിടുത്തെ കരസേന മേധാവിയുടെ സഹായത്താൽ അലിക്കും ബ്രിട്ടീഷ് ഇന്ത്യയുടെ കുതിരപട്ടാളത്തിൽ ജോലി ലഭിച്ചു. വൈകാതെ കൊച്ചി യിലെത്തി. ആദ്യ പരിശീലനകളരി കുതിരകളെ സംരക്ഷിക്കലുമായിരുന്നു. ആന്റണിക്ക് പട്ടാള ക്കാരുടെ വസ്ത്രങ്ങളുടെയും ആയുധങ്ങളുടെയും കണക്ക് കൂട്ടൽ ജോലിയുമായിരുന്നു. അയാളെ ഇംഗ്ലീഷുകാർക്ക് നല്ല വിശ്വാസമായിരുന്നു. ജോലി നൽകുന്ന മുതലാളിയെ ഓച്ഛാനിച്ചു നിൽക്കാൻ ആന്റണിക്കു മടിയുണ്ടായിരുന്നില്ല. ഇംഗ്ലീഷുകാർക്കു വേണ്ടിയിരുന്നതും അതു തന്നെയായിരു ന്നുവെന്നു ആന്റണിക്കു തോന്നി. അയാൾ തനിക്കു വലിയ പിടിയില്ലാത്ത ഇംഗ്ലീഷ് പറയുന്നവ രെയൊക്കെ ഏമാനേ എന്ന പതിവ് സംബോധന തെറ്റിച്ച് സാർ എന്നു വിളിച്ചു. അതിനു ഗുഡ്– എന്ന പ്രതിവചനവും അയാൾക്കു ലഭിച്ചു. ഇംഗ്ലീഷുകാരന്റെ മുഖത്ത് പുഞ്ചിരി വരുമ്പോൾ ആന്റ ണിയുടെ ഉള്ളവും കുളിർക്കുമായിരുന്നു. ലണ്ടനിൽ വന്നപ്പോഴും അയാൾ പതിവു തെറ്റിച്ചില്ല. കൊച്ചിയിൽ നിന്നു കിട്ടിയ ശീലമാണ്. അതു തുടരുന്നതിൽ തെറ്റില്ലെന്നു ആന്റണിക്കു തോന്നി. എന്നും ആന്റണിക്കു ചീനവലയുടെ ചിറകിൽ പറന്നു നിൽക്കുന്ന കൊച്ചി ഒരു ഹരമായിരുന്നു.

അതൊക്കെ ഒരുകാലം. അന്ന് കൊച്ചി കിഴക്കിന്റെ വെനീസായിരുന്നു. ഒരിക്കൽ, പോർച്ചുഗീ സുകാരുടെ റെഡ് വൈൻ മട്ടാഞ്ചേരിയിൽ നിന്നും കുടിച്ച സുഖമുള്ള ഓർമ്മ ആന്റണിക്കുണ്ട്. അയാളതിനു കാലണ നൽകുകയും ചെയ്തു. വൈൻ തലയ്ക്കു പിടിച്ചപ്പോൾ അയാൾ വില്യം സ്കോട്ടിന് ജയ് വിളിച്ചെന്നു അലി പിന്നീട് പറഞ്ഞു. പക്ഷേ അതിനുമുമ്പ് വില്യം സ്കോട്ട് അതറിഞ്ഞു.

റെഡ് വൈനിൽ അയാൾ കടൽച്ചൊരുക്കിന്റെ സുഖമറിഞ്ഞു. കൊച്ചിയിൽ നിന്നു ലണ്ടൻ വഴി യോരത്തെ പൈൻമരങ്ങൾക്കിടയിലേക്ക് ഈ ഓർമകളിലൂടെ വരുമ്പോഴേയ്ക്കും ആന്റണിക്കു കരച്ചിൽ വരും. അയാളെ സമാധാനിപ്പിക്കുന്നത് അലിയാണ്. ആന്റണി എല്ലാം മറക്കാൻ ശ്രമിച്ചു.

നിലംപരിശായ കെട്ടിടത്തിലെ ഇഷ്ടിക കട്ടകൾ പെറുക്കിയടുക്കുന്നതിൽ ശ്രദ്ധിക്കാൻ നിശ്ച യിച്ചു. പക്ഷേ അയാൾക്ക് ഏകാഗ്രത ലഭിച്ചില്ല. ബോംബ് എന്ന ഭീകരൻ വികൃതമാക്കിയ കട്ടക ളിൽനിന്ന് ധാരാളം പ്രാവുകൾ പറന്നുയർന്നു. ആന്റണി സൂക്ഷിച്ചു നോക്കി. അവരുടെ ചുണ്ടിലു ണർന്നത് മരണവുമായി മല്ലടിച്ചവരുടെ തേങ്ങലോ? ഒരു ശ്മശാന ഭൂമിയിൽ നിൽക്കുന്ന പ്രതീ തി. ഈ കട്ടകളിൽ മരിച്ചവരുടെ ജീവൻ വീർപ്പടക്കി നില്ക്കുന്നുണ്ടോ? ഈ കെട്ടിടത്തിൽ ചുരു ണ്ടുകൂടി ഉണരാനായി കിടന്നുറങ്ങിയവർ, പ്രണയ സല്ലാപം പങ്കിട്ടവർ, കിടക്കകൾ പോർക്കളമാ ക്കിയവർ, കുട്ടികളുടെ കരച്ചിലടക്കാൻ എഴുന്നേറ്റവർ, എല്ലാവരും എത്ര വേഗത്തിലാണ് ജന്മ ഭൂമി വിട്ടകന്നത്.

അവരുടെ പ്രാണൻ കത്തി എരിഞ്ഞുണങ്ങിയ മണ്ണാണിത്. ഉണങ്ങിയ ചോരയുടെ നിശ്വാസ മേറ്റ് പാദങ്ങൾ പൊള്ളുന്നു. ഓരോ കട്ടകളും ശ്മശാന മണ്ണിന്റെ നിശബ്ദതയിൽ മരവിച്ചുറങ്ങു ന്നു. വെളിച്ചം മരിച്ചുകിടക്കുന്ന ഈ കല്ലുകളോരോന്നും ഓരോ മനുഷ്യന്റെ ശരീരമായി തോന്നു ന്നു. ഈ കട്ടകൾക്ക് ജീവനുണ്ടോ? അതോ ദാഹമോ? മനുഷ്യന്റെ കണ്ണീരും രക്തവും ഊറ്റിക്കു ടിച്ചിട്ടും ഈ കട്ടകളുടെ ദാഹമടങ്ങിയില്ലേ? കട്ടകൾ കരയുകയാണ്. ഇവിടെനിന്ന് ഞങ്ങളെ രക്ഷ പ്പെടുത്തൂ. ഞങ്ങളിൽ പുതിയ കെട്ടിടങ്ങളെ പടുത്തുയർത്തൂ. ഉയരങ്ങളിൽ ജീവിക്കുന്നതാണ് ഞങ്ങളുടെ സന്തോഷം. മണ്ണിൽ ചത്തു കിടക്കുന്നതല്ല. ഓരോ കട്ടകളും പിടഞ്ഞ് താഴേക്ക് വന്ന തുപോലെ ഓരോ ജീവനും പിടഞ്ഞു മുകളിലേക്ക് പോയി. മുകളിലേക്ക് പോയവരൊക്കെ സ്വർഗ കവാടത്തിനു മുന്നിൽ വരിവരിയായി നിരന്നു നിന്നു. അവർ ചെന്നത് ദൈവങ്ങൾ അറിഞ്ഞില്ല. ദൈവങ്ങൾ ഗാഢനിദ്രയിലായിരുന്നു. സ്വർഗകവാടം തുറക്കാനായി അവർ കാത്തുനിന്നു.

കട്ടകൾ ഓരോന്നും കൂർത്ത മുള്ളുള്ള കണ്ണുകളുമായി തുറിച്ചു നോക്കുന്നു. മനസിൽ വല്ലാ ത്തൊരു ഭീതി. ഒരു വിറയൽ, നില്ക്കുന്ന പാദങ്ങൾക്കടിയിലെ മണ്ണ് വഴുതി മാറുന്നുണ്ടോ? ചുറ്റിനും നോക്കി. മരങ്ങൾ പെറ്റുവളർത്തിയ കുഞ്ഞിലകൾ അഗ്നികുണ്ഡത്തിൽ വെന്തെരിഞ്ഞു. വൻമര ങ്ങൾ അസ്ഥികൂടങ്ങളായി, മേച്ചിൽപുറങ്ങൾ മണൽക്കാടുകളായി, നദിയിലെ ജലത്തിന്റെ നിറം മാറി, മൃഗങ്ങൾ മേയാനിടമില്ലാതെ അലഞ്ഞുനടന്നു. എല്ലാ ജീവജാലങ്ങളും ദാഹിച്ചു വിശന്നു. മണ്ണിലെഭീകരന്മാരായ ബോംബുകൾ പൈശാചികമായി അലമുറയിട്ട് പ്രകൃതിയെ കിടിലം

കൊള്ളിച്ച് ഉഗ്രതാണ്ഡവമാടുന്നു.

തിരക്കൊഴിഞ്ഞ റോഡിലൂടെ ഒരു ശവഘോഷയാത്ര നടന്നു നീങ്ങുന്നു. ബോംബിൽ വെന്തരിഞ്ഞ ജഡങ്ങളുമായി ജീവിച്ചിരിക്കുന്ന അർധശവങ്ങൾ അവരെ അടക്കം ചെയ്യാനായി പള്ളിയിലേക്ക് പോകുന്നു. ആന്റണി ഇന്ത്യയെ ഓർത്തു. അവിടെ വെള്ളക്കാരന്റെ വെടിയുണ്ടയേറ്റ തലകളും നെഞ്ചും ഉടലുമാണെങ്കിൽ ഇവിടെ തീയിൽ വെന്തുരുകിയ കരികട്ടകളായ ശരീരങ്ങളാണ്. ഇവിടെ കൊല്ലപ്പെട്ടവർ രക്തസാക്ഷികളെങ്കിൽ അവിടെ കൊല്ലപ്പെട്ടവർ മണ്ണിന് വളങ്ങൾ. അവിടെ സമരാഗ്നിയെങ്കിൽ ഇവിടെ ബോംബാഗ്നി. അവിടെ അടിച്ചമർത്തലെങ്കിൽ ഇവിടെ പിടിച്ചെടുക്കൽ. അവിടെ അമ്പും വില്ലും കുറുവടിയുമെങ്കിൽ ഇവിടെ തീ തുപ്പുന്ന പീരങ്കികൾ, തോക്കുകൾ, ബോംബുകൾ, അവിടെ സായുധസമരമെങ്കിൽ ഇവിടെ ആക്രമണസമരം, അവിടെ നാട്ടുപ്രമാണിമാർ വിദേശിക്ക് ഓശാന പാടുന്നുവെങ്കിൽ ഇവിടെ സ്വരാജ്യ സ്നേഹികൾ സ്വരാജ്യത്തിനായി ഓശാനപാടുന്നു.

അധികാര ഭ്രാന്തുള്ള മനുഷ്യൻ താളംതെറ്റി കുതിച്ചുപായുന്ന കുതിരകളെപോലെ പാവങ്ങളെ ശ്മശാന ഭൂമിയിലേക്ക് മാടിവിളിക്കുന്നു. ഓരോ യുദ്ധങ്ങളും ചോരപ്പുഴയൊഴുക്കി. അവിടെ രക്തസാക്ഷികളുടെ സ്മാരകശിലകൾ തീർക്കുന്നു. പാവം ജനം പകച്ചുനിൽക്കുന്നു. യുഗാന്തരങ്ങളായി വിജയവും പരാജയവും കണ്ടു മടുത്തവർ. സത്യത്തിനും ധർമത്തിനും വേണ്ടി യുദ്ധം ചെയ്യുന്നവെന്ന് പറയുന്നവർ അസത്യത്തിനും അധർമ്മത്തിനും കൂട്ടു നിൽക്കുന്നു. നന്മനിറഞ്ഞ മനസില്ലാത്തവർ. ഇവരിൽ ശ്രേഷ്ഠരായവരർ ആരാണ്? ആഴമേറിയ കടലോ? അനന്തമായ ആകാശമോ? അതോ അധികാരത്തിനായി യുദ്ധം ചെയ്യുന്ന രക്തദാഹികളോ?

പച്ചപ്പുറങ്ങളിൽ മേഞ്ഞുനടക്കുന്ന ആടുകൾ മലകളിൽ കയറുന്നത് എന്തിനാണ്? ഇടയനില്ലാതെ ഉഴന്നു നടക്കുന്നത് എന്താണ്? അവരെ സംരക്ഷിക്കാൻ കരുത്തില്ലാത്ത ഇടയൻമാരില്ലാത്തതുകൊണ്ടല്ലേ? ദാവിദ് രാജാവ് സിംഹത്തിന്റെ വായിൽനിന്ന് കുഞ്ഞാടുകളെ രക്ഷിച്ചില്ലേ? മനുഷ്യനിലും മൃഗങ്ങളിലും നല്ല ഇടയൻമാർ ഇല്ലാതെയായിരിക്കുന്നു. ആരിലും രക്ഷയില്ല.എല്ലാവരിലും ഭിതി നിറഞ്ഞിരിക്കുന്നു. ഇതെല്ലാം വരാനിരിക്കുന്ന നിർമല നാശത്തിന്റെ ലക്ഷണങ്ങൾ ഇല്ലാതെ എന്താണ്? ആയുധശാലകൾ കളപ്പുരകളാക്കേണ്ട മനുഷ്യർ ലക്ഷ്യമില്ലാതെ ഉഴലുന്നു. ഈ മണ്ണിനെ പിളർത്തിയെടുക്കാൻ ആരോ ചുറ്റിക പണിയുന്നു. ആരാണ് ആ കൊല്ലൻ? അവന്റെ ആലയം എവിടെയാണ്?

അവർ കണ്ണിൽനിന്ന് മാറുന്നതുവരെ ആന്റണി അവിടെതന്നെ നിന്നു. ശൂന്യമായ റോഡിലേക്ക് എന്തിനാണ് നോക്കിനിൽക്കുന്നത്. കഴിഞ്ഞ രാവുകൾ മനസിലേക്ക് പറന്നുവന്നു. ജീവനും മരണവും കഴുത്തിൽ കയറിട്ട് മുറുക്കിയ രാത്രികൾ. സൈറൺ മുഴങ്ങുമ്പോൾ കിടക്ക വിട്ടെഴുന്നേറ്റ് പുറത്തേക്കോടി മരത്തണലിൽ അഭയം തേടിയ രാത്രികൾ. നിദ്രാവിഹീനങ്ങളായ രാത്രികൾ. ഭയത്താൽ കരയുന്ന കുഞ്ഞുങ്ങളുടെ ദീനരോദനങ്ങൾ.

മനുഷ്യന്റെ അത്യാർത്തി യുദ്ധത്തോടെ സമുദ്രംപോലെ വളരുകയാണ്. ചോരകണ്ട് അറപ്പുമാറിയാൽ പിന്നെ അതൊരു ആവേശമാണ്. ചോരപ്പുഴ കാണാനുള്ള വിഭ്രാന്തി. ഒരു ബോംബിട്ട് ഇവർക്ക് സമുദ്രത്തെയോ ഭൂമിയേയോ നടുക്കാനോ കുലുക്കാനോ സാധിക്കുന്നില്ല. ശ്മശാന മണ്ണിന്റെ നിശ്വാസങ്ങൾ വിതക്കുന്നവർ അരമനയിൽ ആർത്തുല്ലസിക്കുന്നതിന്റെ അഹങ്കാരമാണ് കാട്ടുന്നത്. അധികാരം തലയിലായാൽ മറ്റുള്ളവരെ ഉപദ്രവിക്കാനുള്ള വിഭ്രാന്തി. ദൈവവചനങ്ങൾ സത്യമാണോ? നീ പണിയുക, ഞാൻ പൊളിക്കും. എന്നിട്ടും പ്രകൃതി പുനർജനിക്കുന്നു.

കട്ടകൾ പെറുക്കാൻ പോയ ആന്റണിയെ മറ്റുള്ളവർ കാത്തു നിന്നു. ദൂരെനിന്ന് ആരോ വിളിക്കുന്നതുപോലെ തോന്നി. മനസ് നിർവീര്യമായി. തലച്ചോറിൽ പ്രളയം. ആരാണ് വിളിച്ചത്. ഈ കട്ടകളിൽ നിന്നും ആരെങ്കിലുമാണോ? ഈ കട്ടകൾ തന്നെ നോക്കി വായ് പിളർക്കുന്നത് എന്തിന്? പ്രാണൻ നഷ്ടപ്പെട്ടവരുടെ ആത്മാക്കൾ തനിക്ക് ചുറ്റും നിന്ന് ചിരിക്കുകയാണോ? പറന്നുപോയ പ്രാവുകൾ വീണ്ടും മടങ്ങി വന്നത് എന്തിനാണ്? അവരെ സൂക്ഷിച്ചു നോക്കി. കൊഴുത്തു തടിച്ച അസ്വാഭാവിക രൂപത്തിലുള്ള പ്രാവുകൾ. കഴുകൻ കണ്ണുകൾ. അവരുടെ കൂർത്തിറങ്ങുന്ന നോട്ടം ശരീരത്തെ കൊത്തിവലിക്കുന്നു. ആ കണ്ണുകളിൽ രക്തം തിളക്കുന്നു. ഇവരെല്ലാം കൂടി എന്റെ നേരെ പറന്നുവന്ന് എന്നെ ഉപദ്രവിക്കുമോ?

ആ കട്ടകളെ തൊട്ടുപോകരുത് എന്നാണോ അവർ മുറുമുറുക്കുന്നത്. നിങ്ങൾക്ക് കഴുകനെപ്പോലെ എന്നെ ഉപദ്രവിക്കാനാവില്ല. നിങ്ങൾ മണ്ണിൽ ശാന്തിയും സമാധാനവും വിതക്കുന്നവരാണ്. നിങ്ങളുടെ പരസ്പര സ്നേഹം മനുഷ്യനെന്നും മാതൃകയാണ്. ദയവായി എന്നെ നിങ്ങൾ ഉപദ്രവിക്കരുത്. ഞാനും സമാധാനം ആഗ്രഹിക്കുന്നു. നിങ്ങൾ ആഹാരം അന്വേഷിച്ച് പറക്കുന്നതുപോലെ ഞാനും ആഹാരമന്വേഷിച്ച് വന്നവനാണ്. ഞാനാരെയും കൊന്നിട്ടില്ല. ഞാനൊരു മനുഷ്യനാണ്. മറ്റ് മനുഷ്യരെ കൊല്ലാൻ ഞാൻ സിംഹമോ കടുവയോ അല്ല. മറ്റൊരാളെ ഉപദ്രവിക്കാനോ കൊല്ലാനോ എനിക്കവകാശമില്ല. സൂര്യനസ്തമിക്കുന്ന ഈ രാജ്യത്ത് ഇത്രമാത്രം ബോംബുകൾ വീഴുന്നുവെന്ന് എനിക്കറിയില്ലായിരുന്നു. സത്യം അറിഞ്ഞിരുന്നുവെങ്കിൽ ഒരിക്കലും ഞാൻ വരില്ലായിരുന്നു. ജീവിക്കാനുള്ള ആശകൊണ്ട് നല്ലൊരു ജീവിതം പടുത്തുയർത്താൻ വന്നതാണ്. നിങ്ങൾ ദയവായി ഈ കട്ടപ്പുറത്തുനിന്നു മടങ്ങിപ്പോകണം.

പ്രാവുകൾ കണ്ണിൽ കണ്ണിൽ നോക്കി. അവരുടെ വിധി പ്രഖ്യാപനം എന്താണ്. രക്ഷയാണോ അതോ ശിക്ഷയോ? കഴുകനെപ്പോലെ യാതൊരു ദയയുമില്ലാതെയല്ലേ ഇരിക്കുന്നത്. ഒരുതുള്ളി ജലത്തിനായി ചുണ്ടുകൾ വരണ്ടു. മനസിൽ ഭീതിയോ ദയയോ-ഒന്നുമറിയില്ല. അവർ കൂട്ടമായി ഒരു പടപോലെ ഒന്നിച്ചിരുന്നു എന്തൊക്കെയോ പിറുപിറുക്കുന്നു. എന്റെ നിരപരാധിത്യം മനസിലാക്കിയതുകൊണ്ടാവണം കുന്നുപോലുള്ള കട്ടപ്പുറത്തുനിന്നു അവർ പറന്നകന്നത്.

ആന്റണി ആകാശത്തേക്ക് കണ്ണുകൾ ഉയർത്തി നോക്കി. യുദ്ധമൊഴിഞ്ഞ ആകാശത്ത് കീഴടക്കി പറന്നു. കേരളത്തിലെ പ്രാവുകൾ മനുഷ്യരെ കാണുമ്പോൾ ഭയന്നു പറക്കുന്നുവെങ്കിൽ ഇവിടുത്തെ പ്രാവുകൾ മനുഷ്യരെ ഭയക്കുന്നവരല്ല. ഹൃദയം കുളിർത്തു. അവർ പറന്നുപോയത് നന്നായി.

ദൂരെനിന്ന് ആരോ ഒരാൾ ഇമ്പത്തിൽ വിളിച്ചു. ഉടനടി ഉത്തരം കൊടുത്തു. ഞാനിതാ വരുന്നു. ആദ്യത്തെ കട്ട എടുത്തപ്പോൾ അതു കൈയിൽ ഇരുന്നു മെല്ലെയൊന്നു വിറച്ചു. രക്തംപുരണ്ട കട്ടകളല്ലേ. മുഖത്ത് ഉത്കണ്ഠ. പ്രകൃതിക്കു നിരാശ. ആകാശത്തു പ്രസവിക്കാറായ സ്ത്രീകളെപ്പോലെ വീർത്ത വയറുമായി മഴമേഘങ്ങൾ ഭൂമിയിലേക്ക് വരാൻ മേഘ രാജാവിന്റെ കല്പനയ്ക്കായി കാത്തുനിന്നു. ഒരു അയർലന്റുകാരൻ മറ്റൊരു കൊട്ടയുമായി അടുത്തെത്തി. അയാളുടെ തലയിലേക്ക് കട്ടക്കൊട്ട പൊക്കികൊടുത്തു. അയാൾ ചുമന്നുകൊണ്ട് പോയി. ആന്റണി വേദനയോടെ കട്ടയിലേക്കു നോക്കി. എത്ര മാന്യന്മാരുടെ രക്തം കുടിച്ച കട്ടകളാണിത്. കട്ടകൾ പെറുക്കിയെടുക്കാൻ മനസ് മടിച്ചു. ദാരിദ്ര്യത്തിന്റെ തടവറയിൽനിന്ന് ഇവിടെ വന്നത് സംതൃപ്തിയിലേക്ക് മുന്നേറാനാണ്. ഇവിടെ മടിയും അലസതയും പാടില്ല. ശവങ്ങളും ശവകുടീരങ്ങളും കണ്ട് ഭയപ്പെടാനല്ല. ഭയപ്പെട്ടാൽ ലക്ഷ്യത്തിൽ എത്താനാകില്ല. നിരാശയും തളർച്ചയും ഉണ്ടാകും. വൻ നഗരങ്ങളുടെ ആഗ്രഹം അത്യാഗ്രഹികളുടേതാണ്. അവരുടെ ആഗ്രഹം, ആദർശം, ആനന്ദം ഒരിക്കലും അവസാനിക്കാറില്ല. വരാനിരിക്കുന്ന അത്യാപത്തുകളെപ്പറ്റി അവർ ബോധവാന്മാരല്ല. എത്രയെത്ര രാജ്യങ്ങളെ അടിച്ചമർത്തി ഭരണം നടത്തിയ രാജ്യത്തിനുണ്ടായ അധപതനം നേരിൽ കാണുന്നില്ലേ. ഈ രാജ്യത്തെ പുനരുദ്ധരിക്കാൻ നീയുമെത്തിയില്ലേ? ഒരു കമ്പികഷണം വലിച്ചെടുത്തു. അത് മുള്ളുവേലിപോലെ തോന്നി.

മനസിലെവിടെയോ കുത്തിക്കയറുന്നതുപോലെ. ജോലി അവസാനിച്ചയുടൻ അയാൾ അലിയെ അന്വേഷിച്ചിറങ്ങി. യുദ്ധം അവസാനിച്ച മാത്രയിൽ ഇറങ്ങിയ നിശാസുന്ദരികളുടെ വശ്യതയിൽ ആന്റണിക്ക് തീരെ ആകർഷണീയത തോന്നിയില്ല. അയാൾ അലിയെ തിരഞ്ഞ് തെംസ് നദിക്കരയിലൂടെ നടന്നു. നദി കൊച്ചിയെ ചുറ്റിത്തിരിഞ്ഞ് അയാളെ മട്ടാഞ്ചേരിയിലെ തെരുവിലെ റെഡ് വൈന്റെ അല്ലരൂപിയിലേക്ക് നയിച്ചു. പാത വെയിൽസിലേക്കു നീണ്ടു നിവർന്ന്, ഉയിർപ്പിന്റെ വഴിപോലെ കിടന്നു.